TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–20/06/2023.

1. കല്ലിയൂർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കല്ലിയൂർ കൃഷിഭവൻ ഇക്കോ ഷോപ് ഓൺലൈൻ മാർക്കറ്റ്, കല്ലിയൂർ ഗ്രീൻസ് ലോഗോ പ്രദർശനം, കൃഷിക്കൂട്ടങ്ങൾക്കൊരു കൈത്താങ്ങ് സംയുക്ത പദ്ധതി, കൃഷിക്കൂട്ടങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും, പ്രകൃതി സൗഹൃദ കൃഷിയിട പദ്ധതി, മികച്ച കൃഷിക്കൂട്ടങ്ങളെ ആദരിക്കൽ എന്നീ പരിപാടികൾ നടത്തുന്നു. പ്രസ്തുത പരിപാടികളുടെ ഉദ്ഘാടന കർമ്മം നാളെ (20.6.2023) ഉച്ചയ്ക്ക് 2 മണിയ്ക്ക് കല്ലിയൂർ ശാസ്ത്രാ എൻ എസ് എസ് ആഡിറ്റോറിയത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. എല്ലാ കർഷകർക്കും മികച്ച വരുമാനം ഉറപ്പാക്കുക എന്നതാണ് ഇക്കോ ഷോപ് ഓൺലൈൻ മാർക്കറ്റിംഗ് സമ്പ്രദായം ലക്ഷ്യമിടുന്നത്. ഇക്കോഷോപ്പിൽ സംഭരിക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം കാർഷിക ഉത്പന്നങ്ങളും **കല്ലിയൂർ ഗ്രീൻസ്** എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ആവശ്യക്കാരിൽ നേരിട്ട് എത്തിക്കുന്നു. ഇതിനോടനുബന്ധിച്ച് പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള 176 കൃഷിക്കൂട്ടങ്ങളിലും നെയിം ബോർഡ് സ്ഥാപിച്ചും ജിയോ ടാഗ് ചെയ്തും തുടർ പ്രവർത്തനം കാര്യക്ഷമമാക്കുന്നു. ഉൽപാദനം മുല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കൽ എന്നിവയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഇവിടുത്തെ കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കർഷകർക്കും മികച്ച വിപണിയും ഈ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വഴിയൊരുക്കുന്നു.

2. ഗോ ജീവ സുരക്ഷാ - സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം പനമരം ബ്ലോക്ക് പഞ്ചായത്തിൽ ഈ മാസം 19 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വെകിട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന നമ്പരുമായി ബന്ധപ്പെടാവുന്നതാണ്.

3. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് 2023 ജൂൺ 25 വരെ അപേക്ഷിക്കാം. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉള്ള വിദ്യാർത്ഥികൾക്ക് ബിരുദ, ഡിപ്ലോമ കോഴ്സുകൾക്കും യോഗ്യമായ ബിരുദങ്ങൾ ഉള്ള വിദ്യാർത്ഥികൾക്ക്

ബിരുദാനന്തര ബിരുദ, പി.ജി.ഡിപ്ലോമ കോഴ്സുകൾക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. യോഗ്യത സംബന്ധമായ വിശദമായ വിവരങ്ങൾക്ക് വെബ്സൈറ്റിലുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക. തൊഴിലിനും ഉപരിപഠനത്തിനും ഒരുപോലെ അനുയോജ്യമായ ഈ കോഴ്സുകളുടെ വിശദമായ വിവരങ്ങൾ അറിയുന്നതിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.kvasu.ac.in അല്ലെങ്കിൽ അപേക്ഷ പോർട്ടൽ https://application.kvasu.ac.in/ സന്ദർശിക്കുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്രവിഭാഗത്തിൽ കൂർക്ക തലകൾ, മുരിങ്ങക്കമ്പുകൾ എന്നിവ വില്പനക്ക് തയ്യാറായിട്ടുണ്ട്. വില ഒരു കൂർക്ക തലക്ക് ഒരു രൂപ, മുരിങ്ങക്കമ്പ് ഒന്നിന് 20 രൂപ. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കൊക്കോ കൃഷി - കൊക്കോ കൃഷി ആരംഭിക്കാൻ മികച്ച സമയമാണ് ഇത്. ഉഷ്ണമേഖലാ സസ്യമായ കൊക്കോ കേരളത്തിന്റെ മണ്ണിനും കാലാവസ്ഥക്കും അനുയോജ്യമായ വിളയാണ്. തെങ്ങ്, കവുങ്ങ്, റബ്ബർ എന്നിവക്ക് ഇടവിളയായി കൃഷി ചെയ്യാവുന്ന വിളയാണ് കൊക്കോ. ശരിയായ രീതിയിൽ പരിപാലിച്ചാൽ ഉൽപ്പാദനം വർദ്ധിക്കുകയും അതു വഴി ലാഭം ഉണ്ടാക്കാനും കഴിയും. വർഷം മുഴുവൻ പൂക്കുകയും കായ്കൾ ഉണ്ടാവുകയും ചെയ്യുന്ന ഒരു വിള എന്ന നിലയിൽ കൊക്കോ കർഷകന് ക്രമമായ വരുമാനം ഉറപ്പാക്കുന്നു. അതു കൊണ്ട് തന്നെ പുതിയതായി കൊക്കോ കൃഷിയിലേക്ക് ഇറങ്ങാനുള്ള ഏറ്റവും അനുയോജ്യമായ സമയമാണ്. കേരള കാർഷിക സർവ്വകലാശാല പോളിക്ളോണൽ സീഡ് ഗാർഡൻ എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുള്ള തൈകൾ മുന്തിയ ഗുണനിലവാരം നിലനിർത്തുവയാണ്. ഈ പോളിക്ളോണൽ ഹൈബ്രിഡ് തൈകൾ കേരള കാർഷിക സർവകലാശാലയുടെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ നിന്നും, കാഡ്ബറി (മൊണ്ടേലീസ്) യുടെ അംഗീകൃത നഴ്സറികളിൽ നിന്നും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് :- കൊക്കോ ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര. ഫോൺ നമ്പർ :04872438451

6. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കുന്ന വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം പാളയത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ– കേരളയുമായോ **0471 – 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

7. ചെറ്റച്ചൽ ജേഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിൽ കന്നുകാലികൾക്ക് ഹൂഫ് ട്രിമ്മിംഗ് നടത്തുന്നതിനും, പശുക്കൾക്ക് ബ്ലോക്ക് പിടിപ്പിക്കുന്നതിനുമുള്ള ജോലി പ്രൊഫഷണലായി ചെയ്യുവാൻ താല്പര്യമുള്ള വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. അവസാന തീയതി 20/06/2023 പകൽ 11 മണി. കൂടുതൽ വിവരങ്ങൾക്ക് 9496804553 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാല വെള്ളായണി ഇൻസ്ട്രക്ഷനൽ ഫാമിൽ വെണ്ട, ചതുരപ്പയർ, കുറ്റിപ്പയർ, വൻപയർ, മത്തൻ, വഴുതന, തക്കാളി, മുളക്, കുറ്റി വാളരി, ചുരയ്ക്ക, WCT കോമാടൻ തെങ്ങിൻ തൈകൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383572** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ്, വെർമിവാഷ്, വാം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0470 2644291** എന്ന നമ്പരിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

10. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"**

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം